പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3405 14.07.2015-ൽ മറുപടിയ്ക്ക്

## ആദിവാസി ഊരുകളുടെയും ഗോത്രവർഗ്ഗക്കാരുടെയും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

ചോദ്യം

ശ്രീ.കെ.എൻ.എ.ഖാദർ

മറുപടി

ശ്രീമതി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ആദിവാസി ഊരുകളുടെയും ഗോത്രവർഗ്ഗക്കാരുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ; | എ) | ഊരുവികസന പദ്ധതികളിൽ (ഹാംലറ്റ് പദ്ധതി) മാത്രമെ ഏജൻസികളെ നിയോഗിക്കുന്നുള്ളൂ. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ ഏജൻസികളിലൂടെ ആദിവാസി ഊരുകളുടെയും ഗോത്രവർഗ്ഗക്കാരുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി എന്ത് തുക അനുവദിച്ചുവെന്നും അതിൽ എന്ത് തുക ചെലവാക്കിയെന്നതിനും കണക്കുകൾ ലഭ്യമാക്കുമോ; | ബി) | 2014-15- സാമ്പത്തിക വർഷത്തിൽ അധീനതയിൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി 150 കോടി രൂപ അനുവദിക്കുകയും 135.75 കോടി രൂപ ചെലവഴിക്കുകയും ചെയ്തിരുന്നതിൽ ഭൂരിഭാഗം തുകയും പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനാണ് വിനിയോഗിച്ചത്.<br>ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിക്ക് 2013-14-സാമ്പത്തിക വർഷം 20 കോടി രൂപയും, 2014-15 സാമ്പത്തിക വർഷം 25 കോടി രൂപയും, 2015-16 സാമ്പത്തികവർഷം 10 കോടി രൂപയും തുക അനുവദിച്ചിട്ടുണ്ട്. ഇതിൽ 2013-14-സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തിൽ 982.93 ലക്ഷം രൂപയും, 2014-15-ൽ 1061.64 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2015-16-ൽ പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്. ഭവനനിർമ്മാണത്തിനായി 2011-12 മുതൽ നാളിതുവരെ 15,333 ലക്ഷം രൂപ അനുവദിച്ചതിൽ 11,810.84 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | ഏജൻസികൾ പദ്ധതിവിഹിതം വകമാറ്റി ചെലവഴിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പദ്ധതികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുകയും വിഭാവനം ചെയ്ത ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയാതെ വരുകയും ചെയ്യുന്നതിന് ഇടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കുന്നത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ